ത്. ഞാനിവിടെ ബഹുമാനപ്പെട്ട സഭാക്ഷ്യന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്ന് നീക്കംചെയ്തു. ചില കാര്യങ്ങൾ നടത്തിക്കാനുള്ള നടപടി സ്വീകരിക്കുമ്പോൾ ചില എം.പി.മാർ അത് വച്ച് മുതലെടുക്കുന്ന നടപടി അവസാനിപ്പിക്കണം. ഇതിന്റെ യാഥാർത്ഥ്യം നാട്ടുകാരെ അറിയിക്കണം.

<u>ശ്രീ. ടി.കെ. ഹംസ</u> : ഏത് എം.പി.യാണെന്നു പറയാമോ?

<u>ശ്രീ. പി.സി. ജോർജ്</u> : എം.പി.യാണ്.

<u>മി. സ്പീക്കർ</u> : പാർലമെന്റ് അംഗത്തെക്കുറിച്ചുള്ള പരാമർശം സഭയിൽ അനുവദനീയമല്ല. അത് സഭാനടപടികളിൽനിന്നും നീക്കം ചെയ്യുന്നു. എം.പി.യുടെ കത്തൊക്കെ പരാമർശിക്കാം.

<u>ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ)</u> : സർ, ഇതിനകത്ത് ഇറെഗുലറായോ ഇല്ലീഗലായോ ഒന്നുമില്ല. ഇദ്ദേഹം ഉന്നയിച്ചിരിക്കുന്ന പ്രദേശങ്ങളിൽ വാഗമൺ ആണ് പ്രധാന പോയിന്റ്. വാഗമൺ ഉൾപ്പെടെ അന്താരാഷ്ട്ര റിസോർട്ടായി വികസിപ്പിക്കാനുള്ള പ്രാരംഭ നടപടികളാരംഭിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിൽ സംസ്ഥാന ഗവൺമെന്റ് കൊടുത്ത സ്കീം അനുസരിച്ച് 10 കോടി രൂപ ഈ വർഷം ഗവൺമെന്റിൽ കിട്ടിയിട്ടുണ്ട്. അത് 741 ഹെക്ടർ സ്ഥലത്ത് ബൗണ്ടറി കെട്ടാനാണ്. അതിൽ വാഗമൺ പ്രദേശത്തിനുവേണ്ടി 450 ലക്ഷം രൂപ കിട്ടിയിട്ടുണ്ട്. പന്ത്രണ്ടായിരത്തോളം കോടി രൂപ ഫോറിൻ എക്സ്ചേഞ്ച് ഉണ്ടാക്കുന്ന ഈ മേഖലയ്ക്ക് കേന്ദ്ര ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത് 160 കോടി രൂപയാണ്. അതിൽ അവരുടെ വിദേശസഞ്ചാരമൊക്കെ കഴിഞ്ഞാൽ സംസ്ഥാനങ്ങൾക്ക് തരാൻ വലിയ കാശൊന്നും കാണുകയില്ല. എങ്കിൽപ്പോലും എന്റെ അഭിപ്രായത്തിൽ കഴിഞ്ഞവർഷം ഇന്ത്യയിൽ കേന്ദ്ര സഹായം ഏറ്റവും കൂടുതൽ കിട്ടിയ സംസ്ഥാനം കേരളമാണ്. ഇതൊക്കെ ഡെവലപ്പ് ചെയ്യാനായി 741.85 ഹെക്ടർ സ്ഥലം ടൂറിസം വകുപ്പിന് കൈമാറുന്നതിന് സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ള ഗോൾഫ് ക്ലബ്ബുകൾ, സ്റ്റാർ ഹോട്ടലുകൾ തുടങ്ങിയവയൊക്കെ ഉദ്ദേശിക്കുന്നുണ്ട്. വാഗമൺ വികസിക്കുമ്പോൾ സ്വാഭാവികമായും ചുറ്റുപാടുമുള്ള പ്രദേശങ്ങളും വികസിക്കുന്നതാണ്. ഇലവിഴപൂഞ്ചിറ, കുരിശുമല തുടങ്ങിയ പ്രദേശങ്ങൾകൂടി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കേന്ദ്രമന്ത്രിയുടെ കത്തിൽ പറഞ്ഞിരിക്കുന്നതുപോലെ എം.പി. കൊടുത്ത നിവേദനത്തിൽ പറഞ്ഞ സ്ഥലങ്ങൾ വികസിപ്പിക്കുന്നതിനുള്ള കാശ് സംസ്ഥാന ഗവൺമെന്റ് മുടക്കണം എന്നാണ് കേന്ദ്രം പറഞ്ഞിരിക്കുന്നത്.

## V റിപ്പോർട്ട് സമർപ്പണം

ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ 7-ാമത് റിപ്പോർട്ട്

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> : ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ 7-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

<u>മി. സ്പീക്കർ</u> : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VI. നിയമനിർമ്മാണകാര്യം

<u>മി. സ്പീക്കർ</u> : രണ്ട് ബില്ലുകൾ ഇന്ന് പരിഗണിച്ച് പാസ്സാക്കേണ്ടതായിട്ടുണ്ട്. എല്ലാവരും സഹകരിക്കുകയാണെങ്കിൽ മൂന്ന് മണിക്കുമുമ്പ് തീർക്കാം, സഹകരിക്കണം. രണ്ട് ബില്ലുകൾ എന്നു പറയുമ്പോൾ അവ സമാന സ്വഭാവമുള്ള ബില്ലുകളായതുകൊണ്ട് രണ്ടിന്റെയും ചർച്ച രണ്ടായിട്ട് വേണ്ട ഒരുമിച്ചാകാം; ചർച്ച എന്നു പറഞ്ഞാൽ ഭേദഗതി അതിന് നീണ്ട ചർച്ചയൊന്നും

LIBRARY ARCHIVES Kerala Legislative Assembly